II ഇ.ബി. XI-കേരള നിയമസഭ/V1

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2003 ജനുവരി 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

### 1 (*1) ഗുണ്ടാ വിളയാട്ടവും അധോലോക സംഘങ്ങളുടെ പ്രവർത്തനവും അമർച്ച ചെയ്യുന്നതിന് നടപടി

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) നൽകിയ മറുപടിയിൽ, ഗുണ്ടാവിളയാട്ടം, അധോലോക സംഘം എന്നിവ നിയമദൃഷ്ട്യാ നിർവചിക്കപ്പെട്ടിട്ടില്ലെന്നും എന്നാൽ സംഘടിത അക്രമ പ്രവർത്തനങ്ങളിലും സ്ഥിരം കുറ്റവാളികളുടെ കുറ്റകൃത്യങ്ങളിലും നേരിയ വർദ്ധനവുണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് അത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ്, നല്ല നടപ്പ് തുടങ്ങിയ നിയമാനുസൃതമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അധോലോക സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പോലീസ് സേനയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംഘടിത അക്രമം നടത്തുന്നവരുടേയും സ്ഥിരം കുറ്റവാളികളുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ലോക്കൽ പോലീസിനു പുറമേ സ്റ്റേറ്റ് സ്പെഷ്യൽ

ബ്രാഞ്ചിന്റേയും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിന്റേയും വിഭാഗങ്ങൾ സദാ ജാഗ്രത പുലർത്തിവരുന്നുണ്ട്. 2002 ഡിസംബർ 31–ാം തീയതി സെക്രട്ടേറിയറ്റിനടുത്ത് ജനറൽ ആശുപത്രി റോഡിൽ ഒരു സംഘം ഗുണ്ടകൾ അക്രമപ്രവർത്തനം നടത്തി നിരവധി കടകളും വാഹനങ്ങളും തല്ലിത്തകർക്കുകയും യാത്രക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവത്തെക്കുറിച്ച് പ്രത്യേകം അന്വേഷിച്ച് കർശന നടപടിയെടുക്കുന്നതാണ്. സെക്രട്ടേറിയറ്റു പടിക്കലൂടെ രാവും പകലും ജനങ്ങൾക്ക് സ്വൈരമായി സഞ്ചരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുന്നതിന് എല്ലാ രാഷ്ട്രീയകക്ഷികളുടേയും സന്നദ്ധ സംഘടനകളുടേയും സഹകരണം ആവശ്യമാണ്. സംസ്ഥാനത്ത് വ്യാജവാറ്റും വിൽപ്പനയും തടയുന്നതിന് കർക്കശ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണ്ടാ സംഘങ്ങളുടെ വിളയാട്ടം, പിടിച്ചുപറി, മോഷണം എന്നിവയെക്കുറിച്ച് പോലീസിൽ പരാതിപ്പെടാൻ രാഷ്ട്രീയപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും അവകാശമുണ്ട്. അവയെക്കുറിച്ച് അന്വേഷിച്ച് കർശന നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ചകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ നടപടിയെടുക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൺവാണിഭക്കേസ്സുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. അനധികൃത മണലൂറ്റ് കർശനമായി നിയന്ത്രിക്കുന്നതിന് പഞ്ചായത്തുകളെ അതിന്റെ ചുതലയേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഈയിടെ നടന്ന ചില ഒറ്റപ്പെട്ട അക്രമ സംഭവങ്ങളെക്കുറിച്ച് പ്രത്യേകം അന്വേഷിച്ച് കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തു നടക്കുന്ന വിഗ്രഹ മോഷണങ്ങളെക്കുറിച്ച് അ്ന്വേഷിക്കാൻപ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. വ്യാജ മദ്യ ലോബികൾക്കെതിരെ മനുഷ്യ സാദ്ധ്യമായ എല്ലാ കർക്കശ നടപടികളും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും ഉദ്യോഗസ്ഥൻമാരുടേയും ട്രേഡ് യൂണിയനുകളുടേയും സഹകരണത്തോടെ ഗവൺമെന്റു സ്വീകരിക്കുന്നതാണ്. മറ്റു സംസ്ഥാനങ്ങളിലെ അധോലോക സംഘങ്ങളുടേയും മദ്യ മാഫിയയുടേയും ഗുണ്ടാ സംഘങ്ങളുടേയും കേരളത്തിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് അതിർത്തിയിൽ

കേരളത്തിലെ പോലീസ് യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട് ഡി.ജി.പി.മാരുടെ യോഗം കൂടുന്നുണ്ട്. അട്ടപ്പാടിയിൽ ആദിവാസികളെ ഉപയോഗിച്ച് കള്ളവാറ്റും കഞ്ചാവു കൃഷിയും നടത്തുന്നത് തടയുന്നതിന് ഒരു പ്രത്യേക സംവിധാനം രൂപീകരിക്കാൻ കഴിഞ്ഞയാഴ്ച തീരുമാനമെടുത്തിട്ടുണ്ടെന്നും തീര സംഘങ്ങളും സി.ഐ.റ്റി.യു.മായി നടന്ന സംഘട്ടനത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചില ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2(*2) <u>ഗവൺമെന്റ് ഓഫീസുകളിലെ പ്രവൃത്തിദിനങ്ങൾ അഞ്ചാക്കി ചുരുക്കുന്ന നടപടി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ഗവൺമെന്റ് ഓഫീസുകളിലെ പ്രവൃത്തിദിനങ്ങൾ ആഴ്ചയിൽ അഞ്ചാക്കി ചുരുക്കി ഓഫീസ് സമയം ദീർഘിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണെന്ന് സഭയെ അറിയിച്ചു. ഇതുമൂലം ടെലിഫോൺ, ഇന്ധനം, വൈദ്യുതി എന്നിവയിലും മറ്റ് ഓഫീസ് ചെലവുകളിലും ഗണ്യമായ കുറവ് വരുത്താൻ സാധിക്കുമെന്ന നിർദ്ദേശമാണ് നിലവിലുള്ളത്. സർക്കാർ ഓഫീസുകളിലെ പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിശോധിക്കണമെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികളുണ്ടായിട്ടുണ്ട്. ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകാൻ ശ്രദ്ധിക്കണമെന്ന് ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാം. ജീവനക്കാർ ആഫീസ് സമയത്ത് സീറ്റിൽ ഉണ്ടാകുന്നതിനെക്കുറിച്ച് സർവീസ് സംഘടനകളുമായി ചർച്ച ചെയ്യുന്നതാണെന്നും സ്ഥിരമായി ഓഫീസിൽ താമസിച്ചുവരുന്നവർക്കെതിരെ നടപടിയെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

3( * 3) <u>മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്വകാര്യ പങ്കാളിത്തം</u>

ആരോഗ്യ വകുപ്പു മന്ത്രി (ശ്രീ. പി. ശങ്കരൻ) നൽകിയ മറുപടിയിൽ, സർക്കാർ വിവിധ തലങ്ങളിൽ വിശദമായ ചർച്ചകൾ നടത്തിയതിന്റെ ഫലമായി ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതു സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ആരോഗ്യ പരിപാലന രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സ്വകാര്യ മേഖലയിൽനിന്നുമുള്ള നിക്ഷേപം പ്രോൽസാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്: സംയുക്ത സംരംഭകർക്കും, പങ്കാളിത്തമുള്ളവർക്കും, ബി.ഒ.ടി.(Build, Operate and Transfer) അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യമുണ്ടാക്കുന്നവർക്കും, ബൂം (Build, Operate, Own and Maintain) പാർട്ട്നർമാർക്കും സർക്കാർ ഭൂമി നൽകും ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. ആശുപത്രിക്കാവശ്യമായ പാരാമെഡിക്കൽ സൗകര്യങ്ങൾ, ആരോഗ്യ പരിപാലന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് സ്വകാര്യ നിക്ഷേപകർക്ക് അനുവാദമുണ്ടായിരിക്കും. സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ, പേവാർഡുകൾ എന്നിവ സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്നതാണ്. ആശുപത്രി വികസന സമിതികൾ രോഗികളിൽനിന്നും ഈടാക്കുന്ന ചികിൽസാ ഫീസ് വിനിയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ആശുപത്രി വികസന സമിതികൾക്ക് നൽകിയിട്ടുണ്ട്. പ്രധാനമായും ആശുപത്രികളുടെ വികസനം നടപ്പാക്കുക, അത്യാവശ്യം വേണ്ടുന്ന യന്ത്രോപകരണങ്ങൾ വാങ്ങുക, മരുന്നുകളും മറ്റു സാമഗ്രികളും വാങ്ങുക, ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക എന്നീ കാര്യങ്ങൾക്കാണ് തുക ചെലവഴിക്കുന്നത്. 2001–ൽ വർദ്ധിപ്പിച്ച ചികിൽസാഫീസ് പിൻവലിച്ചിട്ടുണ്ട്സ്വകാര്യ പങ്കാളിത്തത്തോടെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും പാവപ്പെട്ടവർക്ക് കൂടുതൽ ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ധർമ്മാശുപത്രികൾ എന്നുള്ള

ആശയത്തിൽനിന്നും സർക്കാർ പുറകോട്ടുപോകാനുദ്ദേശിക്കുന്നില്ല. . മെഡിക്കൽ കോളേജുകളിൽ അനധികൃതമായ നിയമനങ്ങളൊന്നും നടന്നിട്ടില്ല. കരുതൽപൂർണ്ണമായ നിബന്ധനകൾക്കു വിധേയമായിട്ടാണ് മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നത്. ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടിയാണ് മന്ത്രിസഭയുടെ അനുമതിയോടെ കോൺട്രാക്ട് അടിസ്ഥാനത്തിൽ പെൻഷനായ പ്രൊഫസർമാരെ നിയമിക്കാൻ തീരുമാനിച്ചത്. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സേവന–വേതന–വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്ന കാര്യം ആലോചനയിലാണ്. സംസ്ഥാനത്ത് കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചതുമൂലം ഇവിടെത്തന്നെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ലഭിക്കുകയും ക്യാപ്പിറ്റേഷൻ ഫീ പകുതിയായി കുറയ്ക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രവാസി മലയാളികളുടെ സഹായത്തോടെയുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ ജില്ലാ–താലൂക്ക് ആശുപത്രികളിലെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

### 4(*4) അനധികൃതമായി സംസ്ഥാനത്തു താമസിക്കുന്ന പാക്കിസ്ഥാനികൾക്കെതിരെ നടപടി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഇൻഡ്യ സന്ദർശിക്കാനെത്തിയ 395 പാക്കിസ്ഥാനികളിൽ സന്ദർശന കാലാവധി കഴിഞ്ഞതിനുശേഷവും 269 പേർ സംസ്ഥാനത്തു താമസിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇവർ കോടതി ഉത്തരവിനു കാത്തിരിക്കുന്നവരും പൗരത്വത്തിനുവേണ്ടി പെറ്റീഷൻ നൽകിയിട്ടുള്ളവരും പാസ്പോർട്ട് പുതുക്കുന്നതിന് കാത്തിരിക്കുന്നവരുമാണ്. കേസ്സുകളുടെ തീർപ്പിനുശേഷമേ ഇവരെ തിരിച്ചയയ്ക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ ഇൻഡ്യയിൽ ജനിച്ചവർക്ക് ഇവിടെ താസിക്കാൻ അനുവാദം കൊടുക്കുന്നതിനെക്കുറിച്ച് എല്ലാ

കക്ഷികളുമായി ആലോചിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

5 (*5, *9) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1–5–2001 മുതൽ 31–12–2002 വരെ പി.എസ്.സി. 33,255 (മുപ്പത്തി മൂവായിരത്തി ഇരുന്നൂറ്റി അൻപത്തിയഞ്ച്) ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. സർക്കാർ വകുപ്പുകളിലെ അധിക ജീവനക്കാരുടെ പുനർവിന്യാസ നടപടികൾ നടന്നുവരുന്നതിനാൽ ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് കാലാവധി തീരുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടേയും സാധുത ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകാൻ സർക്കാർ പി.എസ്.സി. യോട് ആവശ്യപ്പെട്ടത് കണക്കിലെടുത്ത് 6–2–2002 മുതൽ 4–2–2003 വരെ കാലാവധി അവസാനിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളുടേയും കാലാവധി 5–2–2003 വരെ ദീർഘിപ്പിച്ചിരുന്നു. കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി വീണ്ടും ആറു മാസത്തേക്കുകൂടി ദീർഘിപ്പിക്കാൻ സർക്കാർ പി.എസ്.സി. യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റദ്ദാക്കിയിട്ടുള്ള 286 റാങ്ക് ലിസ്റ്റുകളിൽ നിന്നും 10494 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

6 (*6) എ.ഡി.ബി. നിർദ്ദേശിച്ചിട്ടുള്ള മോഡേണൈസേഷൻ പ്രോഗ്രാം

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന സർക്കാർ നവീകരണ പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണെന്ന് അറിയിച്ചു:

ദരിദ്രർക്കും അധ:സ്ഥിതർക്കും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക

വികസനത്തിന് ഉതകുന്ന പരിസ്ഥിതി സൃഷ്ടിക്കുക,

സംസ്ഥാന സർക്കാരിനും പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്കും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുക,

സർക്കാർ ഭരണത്തിന്റെ കഴിവും കാര്യക്ഷമതയും വർദ്ധിപ്പിക്കുക,

വികേന്ദ്രീകരണത്തിൽ ഊന്നൽ കൊടുത്തുകൊണ്ട് കാര്യക്ഷമവും ഫലപ്രദവും സുഗമവുമായ പ്രാദേശിക സ്വയംഭരണ സർക്കാരുകൾ കെട്ടിപ്പടുക്കുക.

സർക്കാർ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും സേവനം സജീവമായും കാര്യക്ഷമമായും ഉത്തരവാദിത്വപൂർണ്ണവും വ്യാപകവുമായി പൗരൻമാർക്ക് ലഭ്യമാക്കുന്നതിനാണ് ഈ പരിപാടി ഊന്നൽ നൽകുന്നത്. പത്താം പഞ്ചവൽസര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ പരിപാടി ഉപകരിക്കും. ഈ പരിപാടിയുടെ നടത്തിപ്പിന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാവുന്ന എ.ഡി.ബി. വായ്പ ഉപയോഗപ്പെടുത്തുന്നു.

7 (*8) <u>തലസ്ഥാന മേഖലാ വികസനം</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, തലസ്ഥാന മേഖലയുടെ സമഗ്രവികസനത്തിനാവശ്യമായ നടപടികളെടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാനും അവയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാനും ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും അറിയിച്ചു. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഔദ്യോഗിക കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച മേഖലാ വികസനത്തിനാവശ്യമായ ഹൃസ്വകാല പദ്ധതികൾ അടങ്ങുന്ന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. ഈ റിപ്പോർട്ടിൽ അടങ്ങുന്ന സ്കീമുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തലസ്ഥാന മേഖലയുടെ വികസനത്തിനുവേണ്ടി ഒരു വിഷൻ ഡോക്കുമെന്റ് തയ്യാറാക്കാനുള്ള നടപടികളും

എടുത്തുവരുന്നു. തലസ്ഥാനത്തെ ഖരമാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പാക്കുവാൻ വേണ്ടിയുള്ള പദ്ധതിയും ആവിഷ്കരിച്ചുവരുന്നു. തലസ്ഥാന നഗര വികസനവുമായി ബന്ധപ്പെട്ട വ്യക്തികളും സംഘടനകളുമായി വിശദമായ ചർച്ചകൾക്കുശേഷമാണ് നഗര വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് തലസ്ഥാന നഗരത്തെ ഇൻഡ്യയിലെ ഏറ്റവും വികസിത പ്രദേശങ്ങളിൽ ഒന്നാക്കി മാറ്റിയെടുക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കു പുറമെ വർക്കല, പൊൻമുടി തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെട്ട ക്യാപ്പിറ്റൽ റീജിയൻ ആണ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് വിഭാവന ചെയ്തിട്ടുള്ളത്. തിരുവനന്തപുരം നഗരത്തിന്റെ സാംസ്കാരിക മന്ദിരവും പഴയ കെട്ടിടങ്ങളുടെ ശില്പഭംഗിയും സംരക്ഷിക്കുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നഗരത്തിലെ ട്രാഫിക് പരിഷ്കരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഈ രംഗത്തെ വിദഗ്ദ്ധനായ ഡോ. എൽ.എസ്. ശ്രീനിവാസന്റെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്. ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫൈനാൻസ് കമ്പനി (ഐ.ഡി.എഫ്.സി.) എന്ന കമ്പനിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. വിഷൻ ഡോക്കുമെന്റ് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന് പത്രപ്പരസ്യം വഴി ലഭിച്ച ഓഫറുകൾ പരിഗണനയിലിരിക്കുകയാണ്.

## 8(*10) ലോകബാങ്ക് സഹായത്തോടെ ആരോഗ്യമേഖലയിൽ നടപ്പാക്കുന്ന നവീകരണ പദ്ധതി

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ , ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനായി ലോകബാങ്ക് സഹായത്തോടെ കേരള സെക്കന്ററി ഹെൽത്ത് സിസ്റ്റംസ് ഡവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചു. സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ

മെച്ചപ്പെടുത്തുക, ശിശുപരിപാലനം, ഹൃദയ ചികിൽസ, വിവരസാങ്കേതിക വിദ്യ, ട്രോമാകെയർ, റഫറൽ സൗകര്യം, ജില്ലാതല രക്തബാങ്ക്, ലബോറട്ടറി, ജൈവമാലിന്യ നിർമ്മാർജ്ജനം എന്നിങ്ങനെ നിരവധി മേഖലകളിൽ പദ്ധതി ലക്ഷ്യമിടുന്നു.

9 (*16) <u>ശുചിത്വ കേരളം പദ്ധതി</u>

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, മാലിന്യ നിർമ്മാർജ്ജനം, സംസ്കരണം എന്നീ രംഗങ്ങളിൽ ഇന്നുള്ള പോരായ്മകൾ പൂർണ്ണമായും പരിഹരിച്ച് പൊതുജന പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാലിന്യ മോചിത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയാണ് ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെന്ന് അറിയിച്ചു. ആദ്യഘട്ടത്തിൽ 5 കോർപ്പറേഷനുകളിലെ പ്രധാന ടൗൺ ഉൾപ്പെടുന്ന ഡിവിഷനുകളിലും തെരഞ്ഞെടുക്കപ്പെട്ട 26 നഗരസഭകളിലെ പ്രധാന കേന്ദ്രങ്ങളിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. രണ്ടാംഘട്ടം കോർപ്പറേഷനുകളിലെ മറ്റു ഡിവിഷനുകളിലും നഗരസഭകളുടെ മറ്റു വാർഡുകളിലും ശേഷിക്കുന്ന നഗരസഭകളിലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

10 (*20) <u>ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധനാ സംവിധാനം</u>

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ആയുർവേദ മരുന്നുകളുടെ നിർമ്മാണത്തിൽ ഗുണനിലവാരം പുലർത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനായി എല്ലാ ആയുർവേദ ഔഷധനിർമ്മാണ സ്ഥാപനങ്ങളിലും നിർമ്മാണ വിഭാഗത്തിലും പ്രത്യേക സാങ്കേതിക വിദഗ്ദ്ധൻമാർ വേണം എന്ന നിലവിലുള്ള നിബന്ധന നടപ്പാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്ന് അറിയിച്ചു. എല്ലാ നിർമ്മാണശാലകളിലും പരിശോധനാ സൗകര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഔഷധനിർമ്മാണ സ്ഥാപനങ്ങളിൽ

പുതിയ ജി.എം.പി. വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാതാക്കളിൽ നിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിക്കുന്നുണ്ട്. അരിഷ്ടാസവങ്ങളിലെ ആൽക്കഹോൾ അംശ പരിശോധനയും ആയുർവേദ ഔഷധങ്ങളിൽ മയക്കുമരുന്നുകൾ ചേർത്തിട്ടുണ്ടോ എന്ന പരിശോധനയും ഇപ്പോൾ നടത്തുന്നുണ്ട്. ഈ വിധത്തിൽ മായം ചേർത്തു എന്ന് തെളിഞ്ഞ രണ്ടു സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്..

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (18) അഖിലേന്ത്യാ സർവീസുകളിലുള്ള ഉദ്യോഗസ്ഥൻമാർ

സംസ്ഥാനത്ത് 173 ഐ.എ.എസ്., 102 ഐ.പി.എസ്., 82 ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻമാരുണ്ട്.

2 (26) വാർഷിക പദ്ധതികൾ

2002–2003–ലെ സംസ്ഥാന വാർഷിക പദ്ധതി അടങ്കൽ തുകയായ 4026 കോടി രൂപയിൽ 2002 ഡിസംബർ 31 വരെ 1396.72 കോടി രൂപ (താല്ക്കാലികം) ചെലവഴിച്ചു.

3 (37) പോലീസ് വെടിവയ്പും ലാത്തിച്ചാർജ്ജും

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31–12–2002 വരെ 41 വെടിവയ്പുകളും 20 ലാത്തിച്ചാർജുകളും നടന്നിട്ടുണ്ട്.

.....